# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.09.2026**

### പ്രധാനവാർത്തകൾ

1. 2027-28 സീസണിലെ റാബി വിളകളുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം.

2. വയോജനങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്രമായ നിയമനിർമാണം നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

3. എറണാകുളത്ത് ലൈഫ് മിഷൻ പദ്ധതിയിലെ ഫ്ളാറ്റുകളിൽ നിർമാണ അപാകത കണ്ടെത്തിയ സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

4. 18-ാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് സമാപനം.

5. ആറുമാസമായി റേഷൻ വാങ്ങാത്തവരുടെ കാർഡുകൾ സജീവമാക്കാനുള്ള നടപടികൾ നടത്തിവരികയാണെന്ന് മന്ത്രി അനൂപ് ജേക്കബ്.

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്ന് സ്വർണ തിളക്കം. അമ്പെയ്ത്തിലും ഷൂട്ടിംഗിലുമായി നാല് സ്വർണം.

***********************

PNU TVPM

## കേന്ദ്ര മന്ത്രി സഭ - ( ഇൻട്രോ)

2027-28 സീസണിലെ റാബി വിളകളുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പരിപ്പ് , ബാർലി , കടുക് , ഗോതമ്പ് ഉൾപ്പെടെയുള്ള വിളകളുടെ താങ്ങുവിലയാണ് വർധിപ്പിച്ചത്
കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനാണ് തീരുമാനമെടുത്തതെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.
(വോയിസ്... )
1,789 കോടിയിലധികം രൂപ ചെലവിൽ ഡൽഹി പോലീസ് നടപ്പിലാക്കുന്ന 'ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം' പദ്ധതിക്കും അംഗീകാരം നൽകി. 'ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ മൂന്നാം ഘട്ടത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

***********************

## വയോജന സംരക്ഷണം - മുഖ്യമന്ത്രി

വയോജനങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്രമായ നിയമനിർമാണം നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ പ്രചാരണാർഥമുള്ള വിളംബര ജാഥ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ആരും അന്വേഷിക്കാനില്ലാത്ത ഒരാളും ഇനി കേരളത്തിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തും .ഇതിനായി പുതിയ തലമുറയെ കൂടി ഉൾച്ചേർത്ത് പദ്ധതികളും കെയർ ഗീവർ കോഴ്സുകളും ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു . അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിൻറെ ഭാഗമായി വിവിധ വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

***********************

RNUTVPM

## മന്ത്രി എം ലിജു

സഹകരണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളും നവീകരണവും ഉറപ്പുവരുത്തുമെന്ന് സഹകരണ- എക്സൈസ് മന്ത്രി എം ലിജു. കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്താൻ മേഖലയ്ക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ സഹകരണ മേഖലയിലെ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അനുവദിച്ച വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് കർമം തിരുവനന്തപുരത്ത് നിർവഹിക്കവെയാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്.

************************

## ഹ്രസ്വചിത്ര മേള

18-ാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് സമാപനം. സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ആറു ദിവസങ്ങളിലായി മുന്നൂറിലേറെ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. 1700 ലധികം പേർ മേളയിൽ പങ്കെടുത്തു.

************************

RNU TVPM

## ലൈഫ് മിഷൻ - വിജിലൻസ് അന്വേഷണം

എറണാകുളം ജില്ലയിലെ മുണ്ടംവേലിയിൽ ലൈഫ് മിഷൻപദ്ധതിയിൽ ഉൾപ്പെടുത്തി പണിത ഫ്ളാറ്റുകളുടെ നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ കണ്ടെത്തിയ സംഭവത്തിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. കരാറുകാരായ തൃശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും ജി.സി.ഡി.എ യുടെ എഞ്ചിനീറിംഗ് വിഭാഗത്തിന്റെയും ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിനെ തുടർന്നാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത്.

************************

## സോഷ്യൽ മീഡിയ - കേന്ദ്ര സർക്കാർ

പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് സമൂഹമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നിലവിൽ തീരുമാനിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ. ഇതുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന മാധ്യമ റിപ്പോർട്ടുകൾ കേന്ദ്രവാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം തള്ളി. വാർത്തകൾ തികച്ചും അടിസ്ഥാനരഹിതമാണെന്ന് മന്ത്രാലയം അറിയിച്ചു.

***********************

## റേഷൻ

ആറുമാസമായി റേഷൻ വാങ്ങാത്തവരുടെ കാർഡുകൾ സജീവമാക്കാനുള്ള നീക്കം നടത്തിവരികയാണെന്ന് മന്ത്രി അനൂപ് ജേക്കബ്. റേഷൻ കാർഡ് അടിസ്ഥാന രേഖയാണ്, അത് ആർക്കും നിഷേധിക്കരുതെന്നാണ് സർക്കാരിന്റെ നയം. റേഷൻകാർഡുകൾ സംരക്ഷിച്ചു നിർത്താനുള്ള നടപടികൾ സംസ്ഥാനം സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

***********************

## വർക്കേഷൻ - മുഖ്യമന്ത്രി

കേരളത്തിൽ ആദ്യമായി സർക്കാർ മേഖലയിൽ വർക്കേഷൻ ആശയം നടപ്പിലാക്കുകയാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസിച്ചു ജോലി ചെയ്യാൻ കഴിയുന്ന വർക്കേഷൻ സൗകര്യങ്ങൾ ഗവിയിലും സൂര്യനെല്ലിയിലും ഒരുക്കുന്ന 'SHOLA' ബ്രാൻഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കേരള വനവികസന കോർപറേഷന്റെ അഞ്ച് പദ്ധതികളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

***********************

## കണ്ണൂർ ( ഇൻട്രോ)

കണ്ണൂർ ആറളത്ത് തമ്പടിച്ച മോഴയാനയെ പിടികൂടാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കെ.എം വൺ ഓപ്പറേഷൻ എന്ന് പേരിട്ട ഈ ദൗത്യത്തിനായി മൂന്ന് കുങ്കിയാനകളെയും

സജ്ജമാക്കിയിട്ടുണ്ട്. ദൗത്യമേഖലയുടെ ഭാഗമായ ആറളം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിരോധനാജ്ഞയും പ്രഖ്യാപിച്ചിട്ടുണ്ട് .

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയിസ്.....)

***********************

## സേവ സങ്കൽപ് - അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച 'മിഷൻ ലൈഫ്' പദ്ധതിയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. സുസ്ഥിര ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ മുന്നോട്ടുവച്ച ആഗോള ബഹുജന പ്രസ്ഥാനമാണ് 'മിഷൻ ലൈഫ്'. 2022 ഒക്ടോബറിലാണ് പ്രധാനമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. ലളിതവും ബോധപൂർവ്വവുമായ വിഭവ വിനിയോഗത്തിലൂടെ പരിസ്ഥിതിക്ക് അനുകൂലമായ ആഗോള സൗഹൃദ കൂട്ടായ്മ സൃഷ്ടിക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

RNU TVPM

***********************

## ആയുഷ്

ഇന്ത്യയിലെ അതിവേഗം വളരുന്ന സേവന മേഖലകളിലൊന്നായി 'ആയുഷ്' മേഖല മാറിയതായി ആർ ഐ എസ് പഠന റിപ്പോർട്ട് . 36.92 ബില്യൺ യുഎസ് ഡോളർ മൂല്യമുള്ള സമ്പദ്‌വ്യവസ്ഥയെന്ന നേട്ടത്തിലേക്ക് മേഖല കടന്നതായും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു . 2047-ഓടെ ആയുഷ് സേവന മേഖലയുടെ മൂല്യം 216 മുതൽ 318 ബില്യൺ യുഎസ് ഡോളർ വരെയായി ഉയരുമെന്നും റിപ്പോർട്ടിൽ പറയുന്നു.

***********************

## പാലക്കാട്- ( ഇൻട്രോ)

പാലക്കാട് ജില്ലാ ആശുപത്രിയിൽ ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കും.ജില്ലാ ആശുപത്രി അധികൃതരുടെ സംയുക്ത യോഗത്തിലാണ് തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാല ക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

( വോയിസ്..)

***********************

## മഴ കേരളം

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

***********************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കിന്ന് സുവർണ ദിനം.

അമ്പെയ്ത്തിൽ പുരുഷന്മാരുടെ കോമ്പൗണ്ട് ടീം ഇനത്തിൽ ഖുശാൽ ദലാൽ , സാഹിൽ ജാദവ്, ഗണേഷ് മണിരത്നം, എന്നിവർക്ക് സ്വർണം. കോമ്പൗണ്ട് മിക്സഡ് ഇനത്തിൽ സാഹിൽ ജാദവ് , ചിക്കിത തനിപ്പാർത്തി

സഖ്യവും സ്വർണം നേടി. വനിതാ കോമ്പൗണ്ട് ടീം ഇനത്തിൽ ജ്യോതി സുരേഖ വെന്നം, പ്രിതിക പ്രദീപ്,

ചികിത തനിപാർത്തി എന്നിവരും സ്വർണം

കരസ്ഥമാക്കി. ഷൂട്ടിംഗിൽ ട്രാപ്പ്

മിക്സഡ് ഇനത്തിൽ കിനാൻ ചെനായ് - നീരു ധണ്ഡ

സഖ്യത്തിനും സ്വർണ മെഡൽ ലഭിച്ചു. ബോക്സിംഗിലെ 60 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ ബോക്സർ പ്രിയ ഘംഗാസും 87 കിലോഗ്രം വിഭാഗത്തിൽ സുനിൽ കുമാറും വെങ്കല മെഡൽ നേടി. ഇതോടെ, 10 സ്വർണ്ണവും 21 വെള്ളിയും 29 വെങ്കലവും

RNUTVPM

ഉൾപ്പെടെ ആകെ 60 മെഡലുകളുമായി ഇന്ത്യ എട്ടാം സ്ഥാനത്താണ്.

************************

## ഏഷ്യൻ ഗെയിംസ്- വിദർശ

ഏഷ്യൻ ഗെയിംസിൽ രണ്ട് വെള്ളി മെഡലുകൾ നേടി ചരിത്രം കുറിച്ച മലയാളി ഷൂട്ടിങ് താരം വിദർശ കെ. വിനോദിനെ കേരള ബാങ്ക് ആദരിച്ചു. ബാങ്കിന്റെ സ്നേഹോപഹാരം പ്രസിഡണ്ട് പി. മോഹനൻ മാസ്റ്റർ വിദർശയ്ക്ക് കൈമാറി.

************************

## ക്രിക്കറ്റ്

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യക്ക് 406 റൺ വിജയലക്ഷ്യം. ടോസ് നേടിയ ഇന്ത്യ വിൻഡീസിനെ ബാറ്റിംഗിന് അയക്കുകയായിരുന്നു. വിൻഡീസ് നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിലാണ് കൂറ്റൻ സ്കോർ നേടിയത്. ഗുവാഹത്തിയിലാണ് മത്സരം.

************************

***************

********

RNUTVPM